(ബി) ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) സ്ഥലം വിട്ടുകൊടുക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി)യും (സി)യും ഈ വിഷയത്തിൽ വനംവകുപ്പും റവന്യൂ വകുപ്പുമായും കത്തിടപാടുകൾ നടത്തിവരുന്നു. വനഭൂമി വനേതര ആവശ്യങ്ങൾക്ക് വിട്ടുകൊടുക്കുന്നതിന് കേന്ദ്ര വന സംരക്ഷണ നിയമം അനുസരിച്ച് കേന്ദ്ര സർക്കാരിന്റെ അനുവാദം ആവശ്യമുണ്ട്.

ഉറുമ്പിക്കര ഗിരിജൻ കോളനിയിൽ താമസിക്കുന്നവർക്ക് സർക്കാർ വിട്ടുകൊടുത്ത ഭൂമി

434. [622] ശ്രീ. കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പീരുമേട് താലൂക്കിൽപ്പെട്ട ഉറുമ്പിക്കര ഗിരിജൻ കോളനിയിൽ താമസിക്കുന്നവർക്ക് സർക്കാർ വിട്ടുകൊടുത്ത ഭൂമി അവരുടെ കൈവശത്തിൽ കിട്ടിയില്ലെന്നുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) അവർക്ക് സ്ഥലം വിട്ടുകൊടുക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പതിച്ചുകൊടുക്കുവാൻ ഉത്തരവായിട്ടുള്ള 82 ഏക്കറിലേയും മരങ്ങൾ മുഴുവനും മുറിച്ചുമാറിയശേഷം മാത്രമേ സ്ഥലം കൈമാറം ചെയ്യാൻ സാദ്ധ്യമാകുകയുള്ളൂ. മരങ്ങൾ മുറിച്ചുമാറുന്ന ജോലികൾക്ക് കരാർ നൽകിയെങ്കിലും മുഴുവൻ ജോലിയും തീർക്കാതെ കരാറുകാരൻ ഉപേക്ഷിച്ചുപോയി. തുടർന്നുള്ള ബാക്കി ജോലികൾ ഇപ്പോൾ ഡിപ്പാർട്ടുമെന്റ് ഏറ്റെടുത്ത് നടത്തിക്കൊണ്ടിരിക്കുകയാണ്.

(സി) നടപടികൾ എടുത്തുവരുന്നു.

റിസർവ് വക ഏലത്തോട്ടങ്ങൾ

435. [623] ശ്രീ. കെ. കെ തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിലെ റിസർവ് വക ഏലത്തോട്ടങ്ങൾ കൈവശത്തിലിരിക്കുന്നവർക്ക് പാട്ടക്കാലാവധി നീട്ടിക്കൊടുക്കുന്നതിന് സർക്കാരിന് ഉദ്ദേശമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ,ബി) സംസ്ഥാനത്തെ ഏലം കൃഷിക്കാരുടെ കൈവശഭൂമിയിലുള്ള കുത്തകപ്പാട്ട അവകാശം 20 വർഷത്തേക്ക് നീട്ടിക്കൊണ്ട് 15-5-1985-ൽ റവന്യൂ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

തടിയറുപ്പ് മില്ലുകൾ അനുവദിക്കുന്നതിന്റെ നിബന്ധന

436. [625] ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനപ്രദേശത്തിന് സമീപം തടിയറുപ്പ് മില്ലുകൾ അനുവദിക്കുവാൻ പാടില്ലായെന്ന് നിബന്ധനകൾ ഉണ്ടോ ;

(ബി) ആയതിന് ദൂരപരിധി നിശ്ചയിച്ചിട്ടുണ്ടെങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ ;

(സി) വനപ്രദേശത്തിനടുത്ത് പ്രവർത്തിക്കുന്ന മില്ലുകൾ മുഖേന വൻതോതിൽ തടിമോഷണവും കള്ളക്കടത്തും നടക്കുന്നുവെന്ന കാര്യം ഗവൺമെന്റിന് അറിയാമോ ;

(ഡി) പത്തനംതിട്ട ജില്ലയുടെ കിഴക്കൻ മേഖലയിൽ വനത്തിനു സമീപം മില്ലുകൾ അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ വനത്തിൽനിന്നും എന്ത് ദൂരത്തിൽ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇക്കാര്യത്തിൽ ചില നിബന്ധനകൾ ഉണ്ട്.

(ബി) 18-6-1982-ലെ സർക്കാർ ഉത്തരവ് പ്രകാരം വനത്തിന് സമീപം 5 കിലോമീറ്റർ ചുറ്റളവിൽ മില്ലുകൾ സ്ഥാപിക്കുവാൻ അനുവാദം നൽകുവാൻ പാടില്ലായെന്ന് വ്യവസ്ഥയുണ്ട്. 10 കിലോമീറ്റർ ചുറ്റളവിൽ എസ്. എസ്. ഐ. രജിസ്ട്രേഷൻ ആവശ്യമുള്ള മില്ലുകൾ അനുവദിക്കുന്നതിനുമുമ്പ് വ്യവസായ വകുപ്പ് ബന്ധപ്പെട്ട ഡി. എഫ്. ഒ. യുമായി ആലോചിക്കേണ്ടതുമാണ്.

(സി) പരാതികളുണ്ട്.

(ഡി) വടശ്ശേരിക്കര, റാന്നി തുടങ്ങിയ സ്ഥലങ്ങളിൽ ലൈസൻസുകൾ വാങ്ങി മില്ലുകൾ പ്രവർത്തിക്കുന്നു. ഇത് റിസർവ് വനത്തിൽ നിന്നും 5 കിലോമീറ്റർ വെളിയിലാണ്. ഇതുകൂടാതെ റയിൽവേ സ്ലീപ്പറുകൾ ഉണ്ടാക്കാനായി വനത്തിനുള്ളിൽ ഒരു തടിയറുപ്പ് മില്ലിന് അനുവാദം നൽകിയിട്ടുണ്ട്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

II ശ്രദ്ധക്ഷണിക്കൽ

(1) പൊൻമുടി ടീ എസ്റ്റേറ്റിലെ തൊഴിലാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ : സർ, പൊൻമുടിയിലെ തേയിലത്തോട്ടത്തിന്റെ കാര്യം ഏഴാം കേരള നിയമസഭയിൽ അഞ്ചാമത്തെ തവണയാണ് ഞാൻ ഉന്നയിക്കുന്നത്. ഇതിനെ സംബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly